₹15

**നഴ്സറി/പ്രൈമറി കുട്ടികൾക്ക്**

മാതൃഭൂമി

Mathrubhumi Minnaminni

# മിന്നാമിന്നി

എല്ലാ ചൊവ്വാഴ്ചയും

2020 മേയ് 27

DIGITAL EDITION

**LKG/UKG/LP**
**സിലബസ് അനുസരിച്ച് തയ്യാറാക്കിയത്**



**GK ആക്റ്റിവിറ്റി**

**ഇംഗ്ലീഷിലും മലയാളത്തിലും പേജുകൾ**

**അക്ഷരം പഠിക്കാൻ ആക്റ്റിവിറ്റികൾ**

# നഴ്സറി/പ്രൈമറി കുട്ടികളുടെ പ്രിയപ്പെട്ട പുസ്തകം.





മാതൃഭൂമി
മിന്നാമിന്നി
നഴ്സറി / പ്രൈമറി കുട്ടികൾക്ക്

**ഞാൻ മാതൃഭൂമി മിന്നാമിന്നിയുടെ വരിക്കാരനാകാൻ ആഗ്രഹിക്കുന്നു**

| കാലാവധി | ലക്കങ്ങളുടെ എണ്ണം | യഥാർത്ഥ വില | നിങ്ങൾ അടക്കേണ്ട തുക | ലാഭം |
|---|---|---|---|---|
| ☐ 1 വർഷം | 52 | ₹764 | ₹610 | ₹154 |
| ☐ 6 മാസം | 26 | ₹382 | ₹382 | 0 |
| ☐ 3 മാസം | 13 | ₹191 | ₹191 | 0 |

പേര്: ശ്രീ./ശ്രീമതി ..............................

ജനന തീയതി: .............................. ഇപ്പോഴത്തെ സബ്സ്ക്രിപ്ഷൻ നമ്പർ (നിലവിലുള്ള വരിക്കാർ മാത്രം പൂരിപ്പിക്കുക): ..............................

വിലാസം: ..............................

..............................

പോസ്റ്റ് ഓഫീസ്: .............................. സ്ഥലം/ജില്ല: ..............................

സംസ്ഥാനം: .............................. പിൻകോഡ്*: ☐☐☐☐☐☐ ഫോൺ*: ..............................

ഇമെയിൽ: ☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐

*ഫോൺ നമ്പർ, പിൻകോഡ് എന്നിവ നിർബന്ധം.

**You can make payment through any one of the following modes**

A. ഒറ്റ നിമിഷം കൊണ്ട് വരിക്കാരാകാം!

- QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ https://subscription.mathrubhumi.com/ സന്ദർശിക്കൂ
- തപാൽ കോപ്പികൾക്കായി Postal Subscription എന്ന ഓപ്ഷൻ സെലക്ട് ചെയ്യുക.
- Subscription Period സെലക്ട് ചെയ്ത് Buy Now ബട്ടൺ ക്ലിക്ക് ചെയ്യുക.
- മേൽവിലാസവും മറ്റ് വിവരങ്ങളും നൽകി ഓൺലൈൻ പേയ്മെന്റ് (Debit/ Credit/ Net Banking/ UPI) നടത്തുക.
- കൺഫർമേഷൻ മെസേജ് നിങ്ങളുടെ മൊബൈലിലും ഇ-മെയിലായും ലഭിക്കുന്നതാണ്.

B. NEFT/Online Payments: All Payments through NEFT/Online to be made in favour of 'The Mathrubhumi Printing and Publishing Company Ltd'.

Account No: 57024066086 | IFSC Code: SBIN0070188 | Amount: Rs. ..............................UTR Number: .............................. (essential)

C. Money Order Number and Date: ..............................

മണി ഓർഡർ മാതൃഭൂമിയുടെ പേരിൽ സ്വീകരിക്കുന്നതാണ്.

ഓഫറുകൾ ഇന്ത്യയിൽ മാത്രമായിരിക്കും, ഓഫർ പരിമിതകാലത്തേക്ക് മാത്രം, **നിബന്ധനകൾക്ക് വിധേയം, ക്യാഷ് ആയി അയക്കരുത്, നോൺ MICR/നോൺ CTS ചെക്കുകൾ സ്വീകരിക്കില്ല,** കോപ്പികൾ ഓർഡിനറി പോസ്റ്റ് ആയിട്ടായിരിക്കും അയക്കുക, സമ്മാനങ്ങൾ തപാൽ കോപ്പികളോടൊപ്പം അയക്കുന്നതല്ല. നിബന്ധനകളെ കുറിച്ച് കൂടുതലറിയുവാൻ **www.mathrubhumi.com/subscription** എന്ന വെബ്സൈറ്റ് സന്ദർശിക്കുക, സബ്സ്ക്രിപ്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങൾക്കുമായി **subscription@mpp.co.in** ലേക്ക് ഇ-മെയിൽ ചെയ്യുക അല്ലെങ്കിൽ **0495 2362598/2362650** എന്ന നമ്പറിലേക്ക് വിളിക്കുക. ഞായറാഴ്ചയും പൊതു അവധിയും ഒഴികെ, തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ **10** മണി മുതൽ വൈകുന്നേരം **5** മണി വരെ വിളിക്കാം.

അയക്കേണ്ട വിലാസം: Assistant General Manager - Circulation, Mathrubhumi, K P Kesavamenon Road, Kozhikode - 673001

എല്ലാ ചൊവ്വാഴ്ചയും

മാതൃഭൂമി
മിന്നാമിന്നി
നഴ്സറി- പ്രൈമറി കുട്ടികൾക്ക്

പുസ്തകം 10 ● ലക്കം 25 ● 27 മേയ് 2020
● പേജ് 52 ● വില ₹15

മാതൃഭൂമി എം.എം.പ്രസ്സ്, ചെറൂട്ടി റോഡ്,
കോഴിക്കോട് - 673001
ഫോൺ: 0495 - 2779 355
e-mail : minnaminni@mpp.co.in
Fax: 0495 - 2760138


മാനേജിങ് എഡിറ്റർ: പി.വി. ചന്ദ്രൻ
ജോയിന്റ് മാനേജിങ് എഡിറ്റർ: പി.വി. നിധീഷ്
എക്സിക്യുട്ടീവ് എഡിറ്റർ - പീരിയോഡിക്കൽസ് & ഡിജിറ്റൽ: ഒ.ആർ. രാമചന്ദ്രൻ
ചീഫ് സബ് എഡിറ്റർ: എം.ആർ. സന്തോഷ് കുമാർ
സബ് എഡിറ്റർമാർ: അഖില പ്രിയദർശിനി സന്ധ്യ എം., ആർ.എസ്. ധനൂജ്, അശ്വര ശിവൻ.
സീനിയർ ആർട്ടിസ്റ്റുമാർ: വി.എം.ജോസ്, ജോയ് തോമസ്, സി.ജെ. സിബി
ആർട്ടിസ്റ്റുമാർ: ഗിരീഷ് കുമാർ ടി.വി., ബിജു പി.ആർ.


**Circulation**
Vipin Das
Asst. General Manager-Circulation
Mathrubhumi
K P Kesava Menon Road
Kozhikode-673 001
Phone: 0495-2362 546
Email: vipindas@mpp.co.in

**Advertisement**
Sunil Nambiar
Dy. General Manager
Advertisement (Periodicals)
Mathrubhumi
K P Kesava Menon Road
Kozhikode-673 001.
Phone: 0495-2362 577
Mobile: 9526037773
Email: periodicalsadvt@mpp.co.in

**Subscription**
To subscribe Minnaminni
**In India:** For 3 months ₹191
For 6 months: ₹382/
For 12 months ₹ 764
(Special offer: ₹610)
**Abroad:** By air mail: 3 months: ₹1244
6 months: ₹2488/12 months: ₹4976
(തപാൽ കോപ്പികൾക്കൊപ്പം സമ്മാനങ്ങൾ ലഭിക്കില്ല.)

MO/DD can be taken in the name of Mathrubhumi payable at Calicut and to be sent to the AGM-Circulation in the above mentioned address

**Online Subscription:**
www.mathrubhumi.com/subscription
Email: subscription@mpp.co.in


Disclaimer: Every effort is made to provide accurate and up-to-date information. The publishers cannot accept responsibility for any consequences arising from the use of information provided.


*For subscription/circulation enquiries:*
Call 0495-2362598, 2362650
(10 am to 5 pm)
except Sundays and public holidays.


# കളിപ്പാട്ടമല്ല ഫോൺ!



**മി**ക്ക രക്ഷിതാക്കളും കുട്ടികളെ അടക്കിയിരുത്താൻ ഉപയോഗിക്കുന്ന സൂത്രമാണ് മൊബൈൽ ഫോൺ.

മൊബൈൽ ഒരു കളിപ്പാട്ടമല്ലെന്ന് നമ്മൾ പോലും പലപ്പോഴും ഓർക്കാറില്ലെന്നതാണ് സത്യം. ചില കാര്യങ്ങൾ നോക്കൂ.

- ഫോൺ പരസ്പരം ആശയവിനിമയത്തിനുള്ള ഉപാധിയാണെന്ന് ആദ്യമേ കുട്ടിയെ ബോധ്യപ്പെടുത്തുക.
- കഴിവതും ഗെയിമുകൾ കളിക്കാനും കാർട്ടൂണുകൾ കാണാനും മൊബൈൽ നൽകാതിരിക്കുക.
- പഠനാവശ്യങ്ങൾക്ക് മൊബൈൽ എങ്ങനെ ഉപയോഗിക്കാമെന്ന് കാണിച്ചുകൊടുത്തോളൂ.
- എന്താവശ്യങ്ങൾക്കാണെങ്കിലും ഫോൺ ഉപയോഗിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.
- മൊബൈൽകൊണ്ട് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം. ഇക്കാര്യത്തിൽ കുട്ടികളുടെ വാശിക്ക് വഴങ്ങാതിരിക്കുക.
- മൊബൈൽ എങ്ങനെ ഉപയോഗിക്കുന്നു എന്നും മറ്റും അവർ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. എന്നാൽ അവർക്ക് അതിനോട് വിട്ടുമാറാത്ത വിധേയത്വം ഉണ്ടാകാതെ നോക്കണം. അത്തരം സാഹചര്യങ്ങൾ മുളയിലേ നുള്ളിക്കളയുക.
- കുട്ടികൾക്കൊപ്പം ചെലവിടാൻ എപ്പോഴും സമയം കണ്ടെത്താൻ ശ്രമിക്കണം. കുട്ടികൾക്ക് എന്തിനേക്കാളും വലുത് നിങ്ങൾ കൂടെയുണ്ടെന്ന സന്തോഷമാണ്.



# മുറ്റത്തെ

ഞങ്ങടെ വീടിൻ മുറ്റത്തുണ്ടേ
പന്തലു പോലൊരു പ്ലാവ്!
ഞങ്ങൾക്കെന്നും കുളിരണിയാനായ്
തണലുവിരിക്കും പ്ലാവ്!
രാവു വെളുത്താൽ കിളികളെയെല്ലാം
മാടി വിളിക്കും പ്ലാവ്!
അണ്ണാനോടി കേറും വഴിയേ
ഇലകളിളക്കും പ്ലാവ്!

**ആംഗ്യപ്പാട്ട്**

**മാതാപിതാക്കളുടേയും അധ്യാപകരുടേയും ശ്രദ്ധയ്ക്ക്:**

ഇതൊരു ആംഗ്യപ്പാട്ടാണ്
ഇത് ഈണത്തിലും
താളത്തിലും
ചൊല്ലുന്നതോടൊപ്പം
വരികൾക്ക് യോജിച്ച
ആംഗ്യങ്ങളും കാണിക്കണം.

## ഒച്ചമ്മാവൻ!

ഒച്ചമ്മാവന് പ്ലാവിന്റെ അടുത്തേക്ക് വഴികാണിക്കാമോ?



# പ്ലാവ് !

കുഞ്ഞിക്കുരുവികൾ കൂടുണ്ടാക്കാൻ
നിന്നു കൊടുക്കും പ്ലാവ്!
മഞ്ഞിൻ കാലമണഞ്ഞു കഴിഞ്ഞാൽ
തിരികളുയർത്തും പ്ലാവ്!
വലിയ ബലൂണുകൾ വീർത്തതുപോലെ
കുലകൾ ചാർത്തും പ്ലാവ്!
തേനിൻ മധുരച്ചുളകളടുക്കിയ
ചക്കകൾ തരുമീ, പ്ലാവ്!

ജോസ് ഗോതുരുത്ത്

## പ്ലാവിലുണ്ടേ!

പ്ലാവിൽ ഒളിച്ചിരിക്കുന്ന വിരുതനെ കാണാൻ 1 മുതൽ 13 വരെയുള്ള കുത്തുകൾ യോജിപ്പിച്ചു നോക്കൂ.





## നിറമില്ലാ ചക്ക!

പ്ലാവിലെ ഒരു ചക്കയ്ക്കു മാത്രം നിറമില്ല. അത് കണ്ടെത്തി നിറംകൊടുക്കാമോ?

**HOW IT BENEFITS**
**Skills:** Pre-handwriting readiness.
**Learning Outcome:** Solves problems and gains control over small muscle movement.


## ചക്ക തിന്നു!


കാക്കച്ചി പഴുത്ത ചക്ക കൊത്തുന്നതു കാണാൻ നക്ഷത്രത്തിൽ മൂക്കുമുട്ടിച്ചോളൂ.



## കുരങ്ങനെ കണ്ടേ!

**ഇക്കൂട്ടത്തിൽ കുരങ്ങന്റെ ശരിയായ നിഴൽ കണ്ടെത്തി വട്ടമിട്ടോളൂ.**







## വഴി തായോ!

**ചിങ്കനാമയ്ക്ക് ചങ്ങാതിയുടെ അടുത്തേക്ക് വഴി കാണിക്കൂ. ചങ്ങാതി ആരാണെന്ന് അറിയാൻ കുത്തുകൾ യോജിപ്പിച്ചും നോക്കണേ.**







## ശരിയോ? തെറ്റോ?



**അമ്മമാരുടേയും ടീച്ചർമാരുടേയും ശ്രദ്ധയ്ക്ക്:**


കുട്ടികളുടെ നിരീക്ഷണ പാടവം വർധിപ്പിക്കാനുള്ള പേജാണിത്. ശരിയും തെറ്റും മനസ്സിലാക്കാൻ കുഞ്ഞുങ്ങളെ സഹായിക്കുമല്ലോ. ഇവിടെയുള്ള ചിത്രങ്ങളിൽ നല്ല കാര്യം സൂചിപ്പിക്കുന്ന ചിത്രത്തിനു നേരെ ✓ എന്നും മോശം കാര്യം സൂചിപ്പിക്കുന്ന ചിത്രത്തിനു നേരെ ✗ എന്നും അടയാളപ്പെടുത്തുക.





## നിറം കൊടുക്കാമോ?

**ചെറിയ മീനിന്റെ ചിത്രം നോക്കി വലിയ മീനിന് നിറംകൊടുക്കാമോ?**




**വാക്കു പഠിക്കാം!**

**LAWN:**

It is an area of short grass.





# മീശയും എലുമ്പനും

ഉറ്റ ചങ്ങാതിമാരാണ് **മീശമാർജാരൻ** എന്ന പൂച്ചയും **എലുമ്പൻ** എന്ന പട്ടിയും. ഓരോ അബദ്ധങ്ങളിൽ ചെന്നു ചാടുകയാണ് ഇരുവരുടേയും പതിവ്!

*ആശയം, സ്ക്രിപ്റ്റ്:* **സന്തോഷ് വള്ളിക്കോട്** *ആർട്ട്:* **ദേവപ്രകാശ്**



മീശയും എലുമ്പനും ഒരു കുളത്തിൽ നിന്നും ചൂണ്ടയിട്ട് മീൻ പിടിക്കുകയായിരുന്നു.



അപ്പോഴാണ് ഒരാൾ അങ്ങോട്ടുവന്നത്. ''ഹും, ഇതെന്റെ കുളമാ. ഞാനിവിടെ മീൻ വളർത്തുന്നുണ്ട്!''




''ഇനി മീൻ പിടിക്കാൻ മേലാൽ ഇവിടെ വരരുത്!'' അയാൾ അവരെ അവിടുന്ന് ഓടിച്ചുവിട്ടു.




''ഹും, ആശാനേ അയാളെ അങ്ങനെ വിട്ടാൽ പറ്റില്ല. ഈ ലോകത്തുള്ള മീൻ എല്ലാവർക്കുമുള്ളതാ!'', എലുമ്പൻ ദേഷ്യത്തോടെ പറഞ്ഞു.



പിറ്റേന്ന് കുളക്കരയിൽ അതിന്റെ ഉടമസ്ഥൻ നിൽക്കുമ്പോഴതാ ഒരു ഡ്രോൺ വരുന്നു.



അത് കുളത്തിന് നടുവിൽ ഉയർന്നു നിന്നിട്ട് ഒരു ചൂണ്ടക്കൊളുത്ത് കുളത്തിലേക്കിട്ടു.



പെട്ടെന്ന് ഡ്രോൺ പൊങ്ങി. അതാ ചൂണ്ടയിൽ ഒരു മീനുമായി ഡ്രോൺ പോകുന്നു. അന്തംവിട്ട അയാൾ ഡ്രോണിന്റെ പിന്നാലെ പാഞ്ഞു. ''നില്ലടാ!''



ഡ്രോൺ ചെന്നത് മീശയുടെ വീട്ടിൽ. ''ഹി!ഹി! ഞങ്ങൾ കുളത്തിനടുത്തെത്താതെ തന്നെ മീൻ പിടിച്ചേ!'' ഇതുകണ്ട് അയാൾ ചമ്മിപ്പോയി.



കുട്ടികൾക്ക്
പുതിയ വാക്കുകൾ
പരിചയപ്പെടുത്തുന്ന
പംക്തിയാണിത്.

## ഏതു പക്ഷി?

**കാകൻ എന്നാൽ ഒരു പക്ഷിയാണ്. അതേതു പക്ഷിയാണെന്ന് ഇക്കൂട്ടത്തിൽ നിന്നും കണ്ടെത്താമോ? ഇല്ലെങ്കിൽ ഓരോരുത്തരും പറയുന്നത് കണ്ണാടിയുടെ മുന്നിൽ പിടിച്ച് നോക്കിയാൽ മതി.**







**ശരിയായ പേര് ഇവിടെ എഴുതൂ.**

## നിഴൽ തത്ത!

**തത്തമ്മയുടെ നിഴൽ കണ്ടെത്തി വട്ടമിട്ടോളൂ.**




# പറയാമോ?

**അന്തി മയങ്ങും നേരത്ത്**
**എന്നും കടലിൽ നീരാട്ട്**
**നേരം പുലരും നേരത്ത്**
**കുന്നിൻമുകളിൽ ആറാട്ട്!**

**സുദർശനൻ കൈനകരി**

# പേരെന്താ?

**സൂര്യന്റെ ഇംഗ്ലീഷ് പേര് കളത്തിൽ എഴുതിക്കോളൂ.**




# പക്ഷി പറന്നു!

**പക്ഷി പറന്ന വഴി കുത്തുകളിലൂടെ വരയ്ക്കാമോ?**




## ചിത്രം നോക്കൂ!


**ചിത്രങ്ങൾ നോക്കി അതിന്റെ പേരിലെ വിട്ടുപോയ അക്ഷരം എഴുതിച്ചേർക്കൂ.**



| | | |
|---|---|---|
| മ | | ങ്ങ |



| | | | |
|---|---|---|---|
| മ | ഴ | | ല്ല് |



| | | | |
|---|---|---|---|
| കു | | ക്ക | ൻ |



| | | |
|---|---|---|
| | റു | മ്പ് |



## സൂചന പോലെ!

**കോഴിയമ്മയ്ക്ക് സൂചന നോക്കി നിറംകൊടുക്കണേ.**

## ശരിയല്ലേ!

**വവ്വാലിനെ കുറിച്ച് പറയുന്നതിൽ ശരിയായ കാര്യമെഴുതിയ കളത്തിന് നിറംകൊടുക്കൂ.**



| |
|---|
| മുട്ടയിടും |
| മരത്തിൽ തലകീഴായി തൂങ്ങിക്കിടക്കും |
| പറക്കില്ല |

## കൊമ്പില്ലേ!

**ആടുകളിൽ കൊമ്പില്ലാത്ത ആടിനെ കണ്ടെത്തി വട്ടമിടൂ.**



# PAPPAD POPPY

"Krum... Mrum... Krum... Mrum..." Poppy puppy loved eating pappad. Varieties of pappads like plain pappad, masala pappad and colourful pappads were available at Poppy's house.

"Eat something else too" Quite often, mother would tell Poppy and forcibly feed him rice, curry, milk and snacks for his health. Finally, Poppy got a nickname Pappad Poppy. But, Poppy didn't mind.

"Why do you like pappad so much?" friends asked. "What's there so special with these pappads?" mother asked. But, Poppy would funnily bark 'Bow... Bow...' and run away.

"From today onwards, no pappad at home" father announced, one day. Poppy sat gloomy under the tamarind tree. Piggy piglet, Pummy kitten and Sheeru sheep tried their best to please him but to no avail. Father's efforts to please Poppy also went in vain. Mother made special dishes but Poppy didn't touch. He sat alone, deep in thoughts.

Everyone watched Poppy from a distance. "Meow... Meow... Watch there" suddenly Pummy kitten screamed. "A pappad, by itself, moving towards Poppy!" exclaimed Sheeru. "Unbelievable!" wondered mother. They couldn't believe their eyes on seeing a big yellow pappad crawling towards



**അർഥമറിയാം**

available = ലഭ്യം
suddenly = പെട്ടെന്ന്

little Poppy.

"Bow... Bow..." suddenly Poppy barked. He smelled his favorite pappad and started eating happily 'Krum... Mrum... Krum... Mrum...' Everybody rushed to Poppy. Poppy didn't look at anyone till he finished his pappad. After eating, Poppy smiled.

'Krum... Mrum... Krum... Mrum...' hearing the sound again, everyone looked around. "Poppy has already finished his pappad, so where is this sound from?" Piggy wondered. "Watch there!" again, Pummy screamed. Around Poppy, hundreds of ants were feasting upon the spills of pappad on the ground!

Amy ant said to all: "Poppy had been feeding us for a long time. He could eat any food carefully but not a pappad. He would eat pappad carelessly and spill around. He did it deliberately for us". Everyone stood surprised!

"Poppy is very caring. We can't afford to see him sad" said Amy proudly. "Oh, my sweet son!" father hugged Poppy. "How caring and compassionate, my son is!" mother appreciated.

"Oh, I must bring pappads for Poppy" father quickly left for market. Mother went to kitchen. Amy and friends clapped for Poppy and sang 'Krum... Mrum... Krum... Mrum...' Piggy, Pummy and Sheru danced around Poppy, "Pappad Poppy... Krum... Mrum... Mrum..."

Watching the fun, Poppy happily waited for pappads! ■

**Muraly T.V.**



**COLOUR ME!**

**C**olour the cat beautifully.

Hello English

ആക്റ്റിവിറ്റികളിലൂടെ ഇംഗ്ലീഷ് പഠിക്കാനുള്ള പംക്തിയാണിത്.

## വയ്യ കേട്ടോ!


**കൂട്ടുകാരി അന്നയുടെ വീട്ടിൽ കളിക്കാൻ പോയതാണ് ചിന്നു. കളിക്കിടയിൽ ചിന്നുവിന് വയ്യാത്തതുപോലെ തോന്നി.അക്കാര്യം അവൾ അന്നയോട് ഇംഗ്ലീഷിൽ പറയുന്നതു നോക്കൂ.**




**HOW IT BENEFITS**
**Skills:** Observation, comparison.
**Learning Outcome:** Compares the pictures and findout the differences.

## വ്യത്യാസമുണ്ടേ!

**ഈ രണ്ടു ചിത്രങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തി വട്ടമിടൂ.**



# ARE YOU SLEEPING?

**A**re you sleeping?
Are you sleeping
Brother John? brother John?
Morning bells are ringing,
Morning bells are ringing,
Ding dong bell!ding dong bell!

മിന്നാമിന്നി





കുട്ടികൾക്ക് നഴ്സറി ഗാനങ്ങൾ
പഠിക്കാനുള്ള പേജുകളാണിത്.
പാട്ടുപാടി വരികളുടെ അർഥം
പറഞ്ഞുകൊടുക്കണം. ഒപ്പം
ചിത്രങ്ങളും കാണിക്കുക.
അതിനുശേഷം ചിത്രങ്ങൾക്ക്
കുട്ടികൾ സ്വയം
നിറങ്ങൾ കൊടുക്കട്ടെ.







## THREE IN ONE!

Colour these tomatoes red, green and yellow respectively.







## DIFFERENCE PLEASE!


Find out the differences between the two pictures.



## ഒരേ എണ്ണം!


**ഒരേ എണ്ണമുള്ളവയെ തമ്മിൽ വരച്ചുമുട്ടിക്കൂ.**







**കണക്കു പഠിക്കാം:** ആക്റ്റിവിറ്റികളിലൂടെ കണക്ക് പഠിക്കാൻ സഹായിക്കുന്ന പംക്തിയാണ് ഇത്.



## വരുന്നുണ്ട്!

**റോബോട്ടിന് ജീപ്പിന്റെ അടുത്തേക്ക് വഴി കാണിക്കാമോ?**



# ചെന്നായക്കുട്ടൻ നല്ലവനായി!



**വ**ലിയ ധൈര്യശാലിയാണെന്നാണ് ചെന്നായക്കുട്ടന്റെ വിചാരം. അച്ഛനും അമ്മയും പറയുന്നത് കേൾക്കാതെ അവൻ ഇടയ്ക്കിടയ്ക്ക് ഇറങ്ങി നടക്കും. അപ്പോഴൊക്കെ അച്ഛൻ പറയും:

*"ചെന്നായക്കുട്ടാ കുഞ്ഞല്ലേ നീ*
*ചുറ്റിക്കറങ്ങുവാൻ പോകല്ലേയെങ്ങും*
*കാട്ടിൽ കടുവയും സിംഹവുമുണ്ട്*
*വേറെ മൃഗങ്ങൾ പലതുമുണ്ട്!"*

പക്ഷേ, അവനുണ്ടോ അതൊക്കെ കേൾക്കുന്നു. തനിക്കെല്ലാം അറിയാം എന്നായിരുന്നു അവന്റെ വിചാരം. അങ്ങനൊരു ദിവസം അവൻ അപ്പൂപ്പൻ ചെന്നായയുടെ വീട്ടിൽ താമസിക്കാൻ പോയി. ഒരു കുന്നിൻചെരുവിലെ ഗുഹയിലായിരുന്നു അപ്പൂപ്പന്റെ താമസം. എത്തിയപ്പോഴേക്കും രാത്രിയായിരുന്നു. **അത്താഴം** കഴിച്ച് അവർ ഉറങ്ങാൻ കിടന്നു. അപ്പൂപ്പൻചെന്നായ വേഗം ഉറങ്ങിപ്പോയി. സ്ഥലം മാറിയതുകൊണ്ടാവും ചെന്നായക്കുട്ടന് ഉറക്കം വന്നതേയില്ല. ഉറങ്ങാതങ്ങനെ

കിടന്നപ്പോൾ അതാ ഒരു ശബ്ദം: 'മൂം...മൂം...' ഗുഹയുടെ തൊട്ടടുത്ത മരക്കൊമ്പത്തായിരുന്നു മൂങ്ങച്ചേട്ടന്റെ താമസം. കൂട്ടിന് ആ മരത്തിൽ തന്നെ വവ്വാലുകളുമുണ്ട്. അത് മൂങ്ങയുടെ മൂളലാണെന്ന് ചെന്നായക്കുട്ടന് അറിയില്ലായിരുന്നു.

മൂങ്ങയുടെ ശബ്ദം കേട്ട് അവൻ വല്ലാതെ പേടിച്ചു. പേടിച്ചുപേടിച്ച് അവൻ ഗുഹയുടെ മുൻപിൽ ചെന്നു നോക്കി. പെട്ടെന്ന് അതാ ഒരു വവ്വാൽ ചിറകടിച്ചു പറന്നുപോകുന്നു. ചെന്നായക്കുട്ടന്റെ മൂക്കത്തിടിച്ചാണ് വവ്വാൽ പറന്നുപോയത്. അവൻ പേടിച്ച് കരഞ്ഞു: "ങീ...ങീ..." കരച്ചിൽ കേട്ട് അപ്പൂപ്പൻ ചെന്നായ ഉണർന്നു. അത് മൂങ്ങയും വവ്വാലുമാണെന്ന് അപ്പൂപ്പൻ അവന് പറഞ്ഞുകൊടുത്തു. തനിക്ക് അറിയാത്ത കാര്യങ്ങൾ ഒരുപാടുണ്ടെന്നും അച്ഛനമ്മമാർ പറയുന്നത് അനുസരിക്കണമെന്നും അവന് ബോധ്യമായി. അവൻ അപ്പൂപ്പനെ നോക്കി ഇങ്ങനെ പാടി:

*"ഞാനിനിമേലിൽ നന്നാകും*
*മൂത്തവർ ചൊല്ലുകൾ കേട്ടീടും*
*ധൈര്യം മൂത്ത് നടന്നീടിൽ*
*ആപത്താകും കേട്ടോളൂ!"*




**മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്:**
രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ കുട്ടികൾക്ക് ഉറക്കെ വായിച്ചു കൊടുക്കാനുള്ള കഥയാണിത്.




**അർഥമറിയാം**

**അത്താഴം** = രാത്രി ഭക്ഷണം
**ബോധ്യമായി** = മനസ്സിലായി



ടിങ്കി
മിടുക്കി പെൺകുട്ടിയാണ് ടിങ്കി. അവൾക്കൊരു കൂട്ടുകാരിയുണ്ട്. മന്ത്രശക്തിയുള്ള ടൂട്ടി എന്ന പാവക്കുട്ടി.
ഓരോ കുസൃതികൾ കാട്ടി ടിങ്കിയെ കുഴപ്പത്തിലാക്കാൻ നടക്കുന്ന വിരുതനാണ് ജിങ്കോ എന്ന വികൃതിപ്പയ്യൻ. അവന്റെ ചങ്ങാതിയാണ് ചൂചൂ പരുന്ത്.
ഒരു ദിവസം ജിങ്കോ അവന്റെ പുതിയ സിംഹപ്പാവയെ കാണിക്കാൻ ടിങ്കിയുടെ വീട്ടിലെത്തി.
ഇതു കണ്ടോ? പുതിയതാ!
കൊള്ളാലോ!
ചിത്രത്തിൽ ടൂട്ടി ഇല്ല.
ശരി
തെറ്റ്
ഇടയ്ക്ക് രണ്ടുപേരും അകത്തേക്കുപോയി. സിംഹത്തേയും ടൂട്ടിയേയും പുറത്തുവച്ചാണ് പോയത്.
വാ, നമുക്ക് എന്തെങ്കിലും കഴിക്കാം!


ഈ സമയത്താണ് അവിടെ ഒരു പട്ടി വന്നത്. ആരെയും കാണാത്തതുകൊണ്ട് പട്ടി മുൻവശത്തേക്കു കയറി.
ബൗ! ബൗ!
സിംഹപ്പാവയെ കടിക്കാനായിരുന്നു പട്ടിയുടെ പോക്ക്. അതു കണ്ടപ്പോൾ ടൂട്ടി സിംഹപ്പാവയെ സൂക്ഷിച്ചൊന്നു നോക്കി. അതോടെ–
ഗർർ...


സിംഹത്തിന്റെ അലർച്ചകേട്ട
പട്ടി പേടിച്ച് ഓടെടാ ഓട്ടം.
പട്ടിക്കുട്ടൻ ഓടിയവഴി
കുത്തുകളിലൂടെ വരച്ചോളൂ.
ഇതൊന്നുമറിയാതെ ജിങ്കോയും
ടിങ്കിയും തിരിച്ചുവന്നു.
ഇനി നമുക്ക് പാവയെ വച്ച് കളിക്കാം!
ഓക്കെ!
ഇതെല്ലാകണ്ട് ടൂട്ടി ചിരിയോടുചിരി.

## നല്ല മരം!

നിറയെ പഴങ്ങൾ
ഉള്ള മരം കണ്ടോ?
ഇനി മരത്തെക്കുറിച്ച്
മൂന്ന് കാര്യങ്ങൾ
താഴെയുള്ള കളത്തിൽ
എഴുതിക്കോളൂ.



## ഇരട്ടപ്പാവകൾ!


പാവകളിൽ ഇരട്ടകളെ
കണ്ടെത്തി വരച്ചുമുട്ടിക്കൂ.




മിന്നാമിന്നി
കളിക്കളം

# ഒറ്റമുയലിനെ കണ്ടോ?

**ഈ** കളി രണ്ടുപേർക്ക് കളിക്കാം. തന്നിരിക്കുന്ന പേജുകൾ രണ്ടും കീറിയെടുത്ത് ഓരോരുത്തരും ഓരോ പേജ് കൈയിൽ വയ്ക്കണം. കൈയിലുള്ള പേജിലെ മുയലുകളിൽ ചിലതിന് വ്യത്യാസമുണ്ട്. അത് കണ്ടെത്തുകയാണ് കളി. ഒരു മിനുട്ട് സമ



യത്തിനുള്ളിൽ കണ്ടെത്തണം. മുതിർന്ന വർ ആരെങ്കിലും സമയം നോക്കിക്കോളൂ. ആദ്യം ആരാണോ വ്യത്യാസമുള്ള മുയ ലുകളെ കണ്ടെത്തുന്നത് അയാളാണ് കളി യിലെ വിജയി.



# മാതൃഭാഷ മലയാളം!

**മലയാളം അക്ഷരം 'ങ' കുത്തുകളിലൂടെയും കോപ്പി വരകളിലൂടെയും എഴുതി പ്പഠിച്ചോളൂ.**




**അമ്മമാരുടേയും ടീച്ചർമാരുടേയും ശ്രദ്ധയ്ക്ക്:**
അക്ഷരങ്ങളും അക്കങ്ങളും എഴുതി പരിശീലിക്കാനുള്ള പേജുകളാണിത്. **'Q'(ക്യൂ)** എന്ന ഇംഗ്ലീഷ് വലിയ അക്ഷരവും **'ങ'** എന്ന മലയാള അക്ഷരവുമാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. **'33'** എന്ന സംഖ്യയും എഴുതാം. കൂടാതെ ഹിന്ദി അക്ഷരവുമുണ്ട്. 'क्ष' **(ക്ഷ)** എന്ന അക്ഷരമാണ് ഇത്തവണ.

# ങ ങ ങ ങ

ങ


ങ





ഞ്യാവൂ


## ഇരട്ടിച്ചപ്പോൾ!

**'ങ' ഇരട്ടിച്ചാൽ 'ങ്ങ' എന്നാകും. ങ്ങ എന്ന് പേരിൽ വരുന്ന ചിത്രങ്ങൾ കണ്ടെത്തി വട്ടമിടൂ.**









## കണക്ക് പഠിക്കൂ!

**33 എന്ന് കുത്തുകളിലൂടെ എഴുതിപ്പഠിക്കാമോ?**

**മുപ്പത്തിമൂന്ന്**

# 33


**THIRTY THREE**

33 33

## ഇംഗ്ലീഷ് ഈസി!

**ഇംഗ്ലീഷ് വലിയ അക്ഷരം Q കുത്തുകളിലൂടെയും കോപ്പി വരകളിലൂടെയും എഴുതിപ്പഠിക്കണേ.**

# Q



**Q**


**Q**



Queen

## Q കൊണ്ട്....

**Q-കൊണ്ട് ഒരു ചിത്രം എളുപ്പത്തിൽ വരച്ചതുനോക്കൂ. അതുപോലെ ഒഴിഞ്ഞ കളത്തിൽ വരച്ചോളൂ.**



# क्ष

## ഹിന്ദി വേണം!

**ഹിന്ദി അക്ഷരം 'क्ष'(ക്ഷ) കോപ്പിവരകളിലൂടെ എഴുതിപ്പഠിക്കാമോ?**

क्ष

क्ष



क्षत्रिय

# തടി കുറയ്ക്കണം!

**തനിയെ വായിക്കാൻ:**



അക്ഷരം പഠിച്ചു വരുന്ന കുട്ടികൾക്ക് തനിയെ വായിക്കാനുള്ള കഥയാണിത്.

ഒരു ദിവസം തക്കുടുക്കരടിക്ക് ഒരു ആഗ്രഹം. മെലിഞ്ഞ് കോലുപോലെയാകണം! പിറ്റേന്നു മുതൽ അവൻ ഒന്നും കഴിക്കാതായി.

വെള്ളം മാത്രം കുടിച്ച് അവന് തലകറങ്ങുന്നതുപോലെ തോന്നി. വിശന്നിട്ടാണെങ്കിൽ കണ്ണിൽ ഇരുട്ടു കയറുന്നതു പോലെയുമുണ്ട്. മധുരമുള്ള തേനിനെ കുറിച്ചും കറുമുറെ തിന്നുന്ന തണ്ണിമത്തനെ കുറിച്ചും ഓർത്ത് അവന് കൊതി തോന്നി. പക്ഷേ, ക്ഷീണം കാരണം അവന് എഴുന്നേൽക്കാൻ പോലും വയ്യായിരുന്നു.

അപ്പോൾ നല്ല ഉഗ്രൻ കാട്ടുപഴങ്ങളുമായി അമ്മക്കരടി അങ്ങോട്ടെത്തി. ‘‘തക്കുടൂ...കരടികൾ പൊതുവെ തടിച്ചിട്ടാണ്. മെലിയാൻ ശ്രമിക്കുന്നത് നമുക്ക് ആപത്തുണ്ടാക്കും!’’ എന്നും പറഞ്ഞ് അമ്മ കാട്ടുപഴങ്ങൾ അവന്റെ നേരെ നീട്ടി. പഴങ്ങളുടെ മണം മൂക്കിലടിച്ചപ്പോൾ അവന് നിയന്ത്രിക്കാനായില്ല. അവൻ തന്റെ തീരുമാനം മാറ്റി അവയെല്ലാം ‘ഗുമുഗുമാ’ കഴിച്ചു. ക്ഷീണം മാറിയതോടെ അവൻ വീണ്ടും ഉഷാറായി. തന്റെ മണ്ടൻ തീരുമാനത്തെക്കുറിച്ച് ഓർത്ത് അവൻ നാണിച്ചു.

നമുക്ക് യോജിക്കുന്ന തീരുമാനങ്ങളേ എടുക്കാവൂ എന്ന് കൂട്ടുകാരും ഓർക്കണേ. ■





# ഹയ്യാ... മാമ്പഴം!

മാവിൻ കൊമ്പത്തുണ്ടല്ലോ
പഴുത്ത മാങ്ങകൾ പത്തെണ്ണം
പക്ഷികൾ റാഞ്ചിയെടുക്കും മുമ്പേ
പറിച്ചിടേണം അവയെല്ലാം
പറിച്ചു വച്ചാൽ കഴിച്ചിടാമേ
മടുക്കുവോളം രുചിയോടെ!

സന്തോഷ് ആറ്റിങ്ങൽ

## മാങ്ങ കണ്ടോ?

മാങ്ങ കുത്തുകളിലൂടെ
വരച്ചു നിറം
കൊടുക്കണേ!

## എത്രയെത്ര?

മാവിൽ എത്ര മാങ്ങകൾ
ഉണ്ടെന്ന് എണ്ണി കളത്തിൽ
എഴുതൂ.


മിമു
ഒരു ദിവസം ഒരു കുട്ടി റോഡിലൂടെ നടന്നുവരുന്നത് മിമു കണ്ടു. അപ്പോൾ എവിടെനിന്നോ ഒരു പട്ടിക്കുട്ടി ഓടിവന്ന് കുട്ടിയുടെ മേലേക്ക് ചാടിക്കയറി.
കുട്ടി പേടിച്ചുപോയി. പട്ടിയെ വിട്ടിട്ട് കുട്ടി ഓടി. പട്ടിക്കുട്ടി പിന്നെയും ഓടിവന്ന് കുട്ടിയുടെ മേൽ ചാടിക്കയറി.
എന്നിട്ട് അത് നക്കാൻ തുടങ്ങി. പട്ടിക്കുട്ടി കൂട്ടുകൂടാൻ വന്നതാണെന്ന് മനസിലായ കുട്ടി ഇത്തവണ പേടിച്ചില്ല. കുട്ടി പട്ടിക്കുട്ടിയെ വാരിയെടുത്തു.
നല്ല പട്ടിക്കുട്ടൻ!


അപ്പോൾ അവിടെയെത്തിയ ഒരാൾ കുട്ടിയുടെ കൈയിൽ കയറി പിടിച്ചു. ''ഹമ്പട, എന്റെ നായ്ക്കുട്ടിയെ നീ മോഷ്ടിക്കാനുള്ള പരിപാടിയാണല്ലേ!''


''ഹും, കള്ളാ നടക്ക് പോലീസ് സ്റ്റേഷനിലേക്ക്!'', അയാൾ കുട്ടിയെ പിടിച്ചുകൊണ്ട് മുന്നോട്ടുപോയി. കുട്ടി ''ങീ ങീ'' എന്ന് കരച്ചിലായി.


'അയ്യോ പാവം, ഈ കൊച്ചുകൂട്ടുകാരനെ രക്ഷിക്കണം!', മിമു തീരുമാനിച്ചു. മിമു വേഗം ഇക്കുവിനേയുംകൂട്ടി അവിടെയെത്തി. ഇക്കുവിനെ കണ്ടപ്പോൾ പട്ടിക്കുട്ടി ഇക്കുവിന്റെ മേലേക്ക് ചാടിക്കയറി.


''ചേട്ടാ പറയൂ ഇക്കു പട്ടിക്കുട്ടിയെ
മോഷ്ടിച്ചതാണോ?'', മിമു ചോദിച്ചു.
''അല്ല!'', അയാൾ പറഞ്ഞു. ''എങ്കിൽ
ഇതുതന്നെയാ ഈ കുട്ടിയുടെ കാര്യ
ത്തിലും സംഭവിച്ചത്!'', മിമു പറഞ്ഞു.
അയാൾക്ക് കാര്യം മനസിലായി. അദ്ദേഹം പറഞ്ഞു: ''കുട്ടീ,
എന്നോട് ക്ഷമിക്കണേ. പട്ടിക്കുട്ടൻ ഇതുപോലെ ചാടിക്കയറിയ
താണല്ലേ. സോറി!'' അതുകേട്ട് കുട്ടിക്ക് ആശ്വാസമായി.
യജമാനന്റെ കൈയിലിരുന്ന് പട്ടിക്കു
ട്ടി കുട്ടിയെനോക്കി ''ബൈയ് ബൈ
യ്'' എന്ന് ശബ്ദിച്ചു. അതുകണ്ട് മിമു
വും ഇക്കുവും പുഞ്ചിരിച്ചു.

# മൂക്കു തൊട്ടേപോയ് !




കളി നിയമങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം. ജയിച്ച ടീമിനെ അഭിനന്ദിക്കണം. തോറ്റവരെ കളിയാക്കുകയുമരുത്.

**ഇ**ത് ഒത്തുചേർന്ന് കളിക്കാവുന്ന കളിയാണ്. കളിയിൽ പങ്കെടുക്കുന്നവരെല്ലാം ഒരുമിച്ച് ഇരിക്കണം. കൂട്ടത്തിൽ ഒരാളെ നേതാവാക്കണം. നേതാവ് കളിക്കാരുടെ മുന്നിലായി കണ്ണടച്ച് ഇരിക്കുക.

ഇനി കളി തുടങ്ങുമ്പോൾ കളിക്കാരിൽ ഒരാൾ ഓടിവന്ന് കണ്ണടച്ചിരിക്കുന്ന നേതാവിന്റെ മൂക്കിൽ വിരലുകൊണ്ട് പതുക്കെ തൊടണം. എന്നിട്ട് വീണ്ടും നേരത്തെ ഇരുന്ന സ്ഥലത്ത് തന്നെ വന്നിരുന്നോളൂ. നേതാവ് കണ്ണുതുറന്ന് മൂക്കിൽ തൊട്ടത് ആരാണെന്ന് ഊഹിച്ച് പറയണം. ശരിയുത്തരമാണെങ്കിൽ മൂക്കിൽതൊട്ട കുട്ടിയാണ് അടുത്ത കളിയിൽ നേതാവ്. ഉത്തരംതെറ്റിപ്പോയാൽ നേരത്തെ കണ്ണടച്ച കുട്ടി തന്നെ വീണ്ടും കണ്ണടയ്ക്കണം. ■



## വലത്തും ഇടത്തും!

**വലത്തെ ആപ്പിളിന് ചുവപ്പു നിറവും ഇടത്തെ ആപ്പിളിന് പച്ച നിറവും കൊടുക്കാമോ?**






## ഇവിടെയുണ്ട്!

കുത്തിട്ട കളങ്ങൾ കറുപ്പിച്ചാൽ ഒരു ചങ്ങാതിയെ കാണാം. അതാരാണെന്ന് മലയാളത്തിൽ കളത്തിൽ എഴുതണേ.







## മുറിഞ്ഞുപോയി!

പൂമ്പാറ്റയുടെ ചിറകിന്റെ മുറിഞ്ഞ കഷണം ഏതാണെന്ന് ഇക്കൂട്ടത്തിൽ നിന്ന് കണ്ടെത്തി വട്ടമിട്ടോളൂ.





## ടൈംപീസ്!


**ടൈംപീസിലെ സമയം എത്രയാണെന്ന് കളത്തിൽ എഴുതിക്കോളൂ.**






## രണ്ടു ചങ്ങാതിമാർ!

**ആമയെയും മുയലിനേയും കുത്തുകളിലൂടെ വരച്ചുപൂർത്തിയാക്കിയ ശേഷം നിറവും കൊടുക്കണം.**



## കണ്ണുവേണം!

**പൂച്ചക്കുട്ടന് കണ്ണുകൾ വരച്ചുകൊടുക്കാമോ?**

# മാമ്പഴം

**മാമ്പഴത്തെക്കുറിച്ച് ചില കാര്യങ്ങൾ അറിയാം.**

- **നമ്മുടെ നാട്ടിൽ ധാരാളം കാണപ്പെടുന്ന ഒരു പഴമാണ് മാമ്പഴം.**




ചുറ്റുപാടുമായി ബന്ധപ്പെട്ട അറിവുകൾ കുഞ്ഞുങ്ങൾക്ക് കളിയിലൂടെ മനസ്സിലാക്കാൻ സഹായിക്കുന്ന പംക്തി.

*മാങ്ങയുടെ ഇംഗ്ലീഷ് പേരിലെ വിട്ടുപോയ അക്ഷരം എഴുതാമോ?*


## MA __GO



- **ലോകത്തിലെ തന്നെ ഏറ്റവും സ്വാദുള്ള പഴങ്ങളിലൊന്നായാണ് മാങ്ങയെ കണക്കാക്കുന്നത്.**




- **പഴങ്ങളുടെ രാജാവ് എന്നാണ് മാമ്പഴം അറിയപ്പെടുന്നത്. പച്ച മാങ്ങ കറിവെക്കാനും അച്ചാറിടാനും ഉപയോഗിക്കും.**






*ഒരു മാങ്ങയ്ക്ക് പച്ചനിറവും മറ്റൊന്നിന് മഞ്ഞനിറവും കൊടുക്കാമോ?*

- പഴുത്ത മാങ്ങകൊണ്ടും പച്ചമാങ്ങ കൊണ്ടും പല തരത്തിൽപ്പെട്ട വിഭവങ്ങൾ ഉണ്ടാക്കാറുണ്ട്.






മാങ്ങകളിൽ പച്ച മാങ്ങകളെ തമ്മിൽ വരച്ചുമുട്ടിക്കണേ.



- പല രുചികളിലുള്ള മാമ്പഴങ്ങളുണ്ട്. ഇന്ത്യയിൽ ആണ് ഏറ്റവും കൂടുതൽ മാമ്പഴം കൃഷി ചെയ്തു വരുന്നത്. ഇന്ത്യയുടെ ദേശീയ ഫലവും മാമ്പഴമാണ്.

- മാവ് എന്നു പേരുള്ള മരത്തിലാണ് മാങ്ങ ഉണ്ടാകുന്നത്. മാങ്ങയുടെ കുരുവിനെ മാങ്ങയണ്ടി എന്നു വിളിക്കുന്നു. ഇത് മുളച്ചാണ് പുതിയ മാവിൻതൈകൾ ഉണ്ടാകുന്നത്.



വലിയ മാങ്ങയ്ക്ക് ചുറ്റും വട്ടമിടൂ. ചെറിയ മാങ്ങയെ തൊട്ടുകാണിക്കുകയും വേണം.

# പൂമ്പാറ്റ

പൂവിനു ചുറ്റും
പാറുന്നേരം
പൂവിതളല്ലോ
പൂമ്പാറ്റ!
പൂന്തേനുണ്ണാൻ
പൂവിലിരുന്നാൽ
പൂവായ് മാറും
പൂമ്പാറ്റ!

കെ.കെ.പല്ലശ്ശന



## എത്ര പൂമ്പാറ്റ?

പൂക്കൾക്കു ചുറ്റും എത്ര പൂമ്പാറ്റയുണ്ടെന്ന് എണ്ണി കളത്തിൽ എഴുതൂ.

## നീലപ്പൂമ്പാറ്റ!

ഇക്കൂട്ടത്തിൽ നീല പൂമ്പാറ്റയെ കണ്ടെത്തി വട്ടത്തിലാക്കാമോ?




കുട്ടികളെ നല്ലശീലങ്ങൾ
പഠിപ്പിക്കുന്ന
ചങ്ങാതിക്കാക്കയാണ്
കാവതി.











## ഇതൾ എണ്ണാം!

**ഓരോ പൂക്കളുടെയും ഇതളുകളുടെ
എണ്ണം കളത്തിൽ എഴുതിക്കോളൂ.**






# ഗരുഡന്റെ അഹങ്കാരം!

**ദേ**വാസുരന്മാർ അമൃതിനുവേണ്ടി പാലാഴി കടയുന്ന സമയം. മന്ദരപർവ്വതത്തെ വാസുകി എന്ന പാമ്പിനെ കൊണ്ട് കെട്ടിവലിക്കാനായിരുന്നു തീരുമാനം. ദേവന്മാരും അസുരന്മാരും എത്ര ശ്രമിച്ചിട്ടും മന്ദരപർവ്വതത്തെ പൊക്കിയെടുക്കാനായില്ല. എന്നാൽ പക്ഷികളുടെ രാജാവായ ഗരുഡൻ അതെളുപ്പം ചെയ്തു. അതോടെ ഗരുഡന് അഹങ്കാരമായി.

“വാസുകിയേയും ഞാൻ തന്നെ കൊണ്ടുവരും!” എന്നു പറഞ്ഞ് ഗരുഡൻ വാസുകിയുടെ അടുത്തെത്തി.

“തന്നെ വേണമെങ്കിൽ എടുത്തുകൊണ്ടുപൊയ്ക്കോളൂ!” വാസുകി പറഞ്ഞു. ഗരുഡൻ അഹങ്കാരത്തോടെ വാസുകിയുടെ നടുഭാഗവും കൊത്തിയെടുത്ത് പറന്നു.

എന്നാൽ കുറേ മുകളിലെത്തിയിട്ടും വാസുകിയുടെ പകുതിഭാഗവും അതാ തറയിൽ തന്നെ കിടക്കുകയാണ്. ഞെട്ടിപ്പോയ ഗരുഡൻ വീണ്ടും ശ്രമിച്ചെങ്കിലും വാസുകിയെ മുഴുവനായി പൊക്കിയെടുക്കാൻ പറ്റിയില്ല. ഒടുവിൽ ഗരുഡൻ നാണിച്ചു തല താഴ്ത്തി.

# കളറിംഗ് മത്സരം

**താ**ഴെയുള്ള ചിത്രത്തിന് ഭംഗിയായി നിറം കൊടുക്കാനുള്ള മത്സരമാണിത്. എട്ടു വയസ്സു വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഇതിൽ പങ്കെടുക്കാം. നിറം കൊടുത്തിട്ട് ചിത്രവും കൂപ്പണും മുറിച്ചെടുത്ത് മിന്നാമിന്നിക്ക് അയച്ചുതരൂ. **കൂപ്പൺ മലയാളത്തിൽ പൂരിപ്പിക്കണം.** ഏറ്റവും നന്നായി നിറം കൊടുക്കുന്ന 14 കൂട്ടുകാർക്ക് തകർപ്പൻ സമ്മാനം!

## 14 പേർക്ക് തകർപ്പൻ സമ്മാനം

കോവിഡ് 19 ബാധയുടെ പശ്ചാത്തലത്തിൽ നിലനിൽക്കുന്ന നിയന്ത്രണങ്ങൾ പിൻവലിക്കുന്ന മുറയ്ക്ക് കൂപ്പണുകൾ അയച്ചാൽ മതിയാവും. ഈ കാലത്തുള്ള കൂപ്പണുകൾ എല്ലാംകൂടി ഒരു കവറിൽ അയച്ചാൽമതി.

*വിലാസം:* കളറിംഗ് മത്സരം-431, മാതൃഭൂമി മിന്നാമിന്നി, എം.എം. പ്രസ്സ്, ചെറൂട്ടി റോഡ്, കോഴിക്കോട്-673001



പേര്:........................ വയസ്സ്:.............. ക്ലാസ്: ..............

സ്കൂൾ വിലാസം:........................................


........................................................

വീട്ടു വിലാസം:........................................


........................................ ജില്ല: ........................ പിൻ:

രക്ഷിതാവിന്റെ പേര്: ........................ രക്ഷിതാവിന്റെ ഫോൺ നമ്പർ:


# കുക്കുവും വിക്കുവും




കുഞ്ഞിക്കുരുവിയാണ് കുക്കു. നല്ലവളായ കുക്കുവിന്റെ
ചങ്ങാതിയാണ് വികൃതിക്കുറുക്കൻ വിക്കു.
ആരു പറഞ്ഞാലും അവൻ അനുസരിക്കാറില്ല.




ഒരു ദിവസം കുക്കുവും വിക്കുവും കാട്ടിലെ തടാകത്തിനരികിലെത്തി.




"ഹായ്, ഈ വെള്ളത്തിന് എന്തു തണുപ്പാ!", വിക്കു പറഞ്ഞു.




"അധികനേരം അവിടെ നിൽക്കണ്ട. ആനകൾ വെള്ളം കുടിക്കാൻ വരാറായി!", കുക്കു പറഞ്ഞു.



"ഹും, അതിനെനിക്കെന്താ? എനിക്കാരെയും പേടിയില്ല!", വിക്കു പറഞ്ഞു.



പെട്ടെന്ന് ആനകൾ വരാൻ തുടങ്ങി. വരിവരിയായി കുറേ ആനകൾ!



അത്രയും ആനകളെ കണ്ട് വിക്കു പേടിച്ചുപോയി. അവൻ ഓടെടാ ഓട്ടം.

മലയാളത്തിലെ
പഴയ
നഴ്സറിപ്പാട്ടുകൾ
പരിചയപ്പെടുത്തുന്ന
പംക്തി.

# മഞ്ചാടി

സഞ്ചിയിലുണ്ട് മഞ്ചാടി
എണ്ണുക വേണ്ടേ ചങ്ങാതി
ഒന്ന്, രണ്ട്, മൂന്ന്, നാല്
അഞ്ചുവരെയും ഞാനെണ്ണി
ആറ്, ഏഴ്, എട്ട്, ഒൻപത്
പത്തുവരെയും ഞാനെണ്ണി!



## എണ്ണാൻ വാ!

നിലത്ത് എത്ര മഞ്ചാടികൾ ഉണ്ടെന്ന് എണ്ണി എഴുതൂ.

## കവിതയിലെ വാക്കുകൾ

താഴെ നിന്ന് കവിതയിലുള്ള വാക്കുകൾ കണ്ടെത്തി വട്ടമിട്ടോളൂ...

ചങ്ങാതി

കുഞ്ചു

മഞ്ചാടി

ഞണ്ട്

സഞ്ചി

വഞ്ചി

ഇഞ്ചി

അഞ്ച്

# പക്ഷി ഏത് ?

**രക്ഷിതാക്കൾക്കും അധ്യാപകർക്കും**

**5 പേർക്ക് അടിപൊളി സമ്മാനം!**

ചില പക്ഷികളുടെ ചിത്രങ്ങളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ചിത്രവും സൂചനയും നോക്കി പക്ഷി ഏതെന്ന് തിരിച്ചറിയലാണ് മത്സരം. എന്നിട്ട് കൂപ്പൺ പൂരിപ്പിച്ച് മിന്നാമിന്നിക്ക് അയച്ചോളൂ. ശരിയുത്തരം അയക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കുന്ന അഞ്ച് പേർക്ക് സമ്മാനമുണ്ട്.

1



(A) **ഒട്ടകപ്പക്ഷി**
(B) **എമു**
(C) **കാട്ടുകോഴി**

2



(A) **കൊക്ക്**
(B) **അരയന്നം**
(C) **ഫ്ളമിംഗോ**

3



(A) **കിവി**
(B) **മരംകൊത്തി**
(C) **കുരുവി**

*വിലാസം:*
*പക്ഷി ഏത്?*
*മാതൃഭൂമി മിന്നാമിന്നി,*
*എം.എം. പ്രസ്സ്, ചെറൂട്ടി റോഡ്,*
*കോഴിക്കോട്-673001*

കോവിഡ് 19 ബാധയുടെ പശ്ചാത്തലത്തിൽ നിലനിൽക്കുന്ന നിയന്ത്രണങ്ങൾ പിൻവലിക്കുന്ന മുറയ്ക്ക് കൂപ്പണുകൾ അയച്ചാൽ മതിയാവും. ഈ കാലത്തുള്ള കൂപ്പണുകൾ എല്ലാംകൂടി ഒരു കവറിൽ അയച്ചാൽമതി.

പേര്:..........................................................................................

വിലാസം:.....................................................................................

..................................................................................................

..................................................................................................

ജില്ല: ........................................പിൻ:

ഫോൺ നമ്പർ:

**മിന്നാമിന്നി പക്ഷി ഏത്?**

ഉത്തരങ്ങൾ
1.
2.
3.


## മത്തങ്ങ പേര് !



**മത്തങ്ങയുടെ ഇംഗ്ലീഷ് പേര് കളത്തിൽ എഴുതിക്കോളൂ.**

## നിറം വേണം!

നിറമില്ലാത്ത കുരങ്ങച്ചന്
രസികൻ നിറം
കൊടുക്കാമോ?



**HOW IT BENEFITS**

**Skills:** Creativity, decision making.
**Learning Outcome:** Chooses colours and applies them in the defined area.


# ഈ ലക്കം ബാലഭൂമിയിൽ...




2020
മേയ് 22
വില: 15

**FANCY DRESS**
FUN VIDEO
**CONTEST**

രമ്യാഹരിദാസ് എം.പി.യുടെ കുട്ടിക്കാലം

വെള്ളത്തിൽ തുള്ളിക്കളിക്കുന്ന ആനകൾ

വീട്ടിലൊരു പരീക്ഷണമൂല

# ഇലസിംഹവും ഇലപ്പൂമ്പാറ്റയും!

**ഇത്തവണ ഇല കൊണ്ടുള്ള രസികൻ കരവിരുതാണ്.**


കരവിരുത്




**അമ്മമാരുടേയും ടീച്ചർമാരുടേയും ശ്രദ്ധയ്ക്ക്:** കളിപ്പാട്ടങ്ങളുണ്ടാക്കാൻ പഠിപ്പിക്കുന്ന പംക്തിയാണിത്. കത്രികയും ബ്ലേഡും മറ്റും ഉപയോഗിക്കുമ്പോൾ കുട്ടികൾക്ക് അപകടം പറ്റാതിരിക്കാൻ ശ്രദ്ധിക്കണേ.

**ആവശ്യമായ സാധനങ്ങൾ:**
*ഒരേ തരം ഇലകൾ (മഞ്ഞയോ ചുവപ്പോ), വെള്ള ക്കടലാസ്, പശ, കറുത്ത സ്കെച്ച് പേന*

ഒരു വെള്ളക്കടലാസെടുത്ത് ചിത്രം 1-ൽ കാണുംപോലെ ഇലകൾ ഒട്ടിക്കുക. ഇനി ഇതിൽ സിംഹത്തിന്റെ മുഖവും പൂമ്പാറ്റയുടെ ഉടലും വരച്ചു ചേർത്താൽ രസികൻ ഇലസിംഹവും ഇലപ്പൂമ്പാറ്റയും റെഡി (ചിത്രം 2).



ചിത്രം 1



ചിത്രം 2

**തലയും വരയും**

**ഇതുപോലെ നിങ്ങളുടെ രൂപവും വരച്ചു കാണാൻ ആഗ്രഹമുണ്ടോ? എങ്കിൽ ഒരു കളർ ഫോട്ടോ മിന്നാമിന്നിക്ക് അയച്ചു തരൂ.ഫോട്ടോയ്ക്കൊപ്പം പേരും വിലാസവും ഫോൺ നമ്പറും എഴുതണേ. വ്യക്തതയുള്ള ഫോട്ടോ മാത്രം അയക്കണം. ഫോട്ടോകൾ തിരിച്ചയക്കുന്നതല്ല.**
***വിലാസം:*** **തലയും വരയും, മിന്നാമിന്നി, എം.എം.പ്രസ്സ്, മാതൃഭൂമി, കോഴിക്കോട്-1**
**ഇ-മെയിൽ:** ***thalayumvarayum@gmail.com***



**ജിയ**
തിരുവനന്തപുരം



**ലിയാന**
തിരുവനന്തപുരം



**മീര**
പട്ടാമ്പി



**നവനീത്**
പട്ടാമ്പി




**അമേയ**
തിരുവനന്തപുരം




**ദേവിക**
മല്ലപ്പള്ളി



**ശ്രീലക്ഷ്മി**
കണ്ണൂർ



**ദിയ**
കണ്ണൂർ



**അഹാൻ**
ഷൊർണൂർ



**അക്ഷര**
മാഹി



**അഭിനയ**
വർക്കല



**അർജുൻ**
തളിപ്പറമ്പ



**സായൂജ്**
പാലക്കാട്



**ശ്രേയ**
കൊല്ലം



**തേജ്**
ആറാട്ടുപുഴ



**യാറ ഫാത്തിമ**
മാഹി


# All in One

**രക്ഷിതാക്കളുടെയും അധ്യാപകരുടെയും ശ്രദ്ധയ്ക്ക്**

ഈ ലക്കം മിന്നാമിന്നിയിലെ ഉള്ളടക്കവുമായി ബന്ധപ്പെട്ട ആക്റ്റിവിറ്റികളാണ് ഈ പേജിൽ.

## എന്റെ ചങ്ങാതിയാ!

**കുരങ്ങന് ആടിന്റെ അടുത്തേക്ക് വഴി കാണിക്കൂ. രണ്ടുപേരുമുള്ള പേജ് നമ്പർ കളത്തിലും എഴുതണം.**



## അയ്യേ, നിറമില്ല!

**പൂമ്പാറ്റയ്ക്കും പൂവിനും ഉൾപേജിലുള്ള അതേ നിറം കൊടുക്കൂ.**



Printed and Published by P.V. Chandran for The Mathrubhumi Printing & Publishing Company Limited, Kozhikode at The Mathrubhumi M.M. Press, Cherootty Road, Kozhikode-673001. Managing Editor: P.V.Chandran. Executive Editor-Periodicals & Digital: O.R. Ramachandran (Responsible for selection of contents under PRB Act).

## മാജിക് പ്ലേറ്റ്



അമ്മമാരുടെ ശ്രദ്ധയ്ക്ക്:

കുഞ്ഞുങ്ങൾക്ക് ഇഷ്ടപ്പെടുന്ന പലഹാരങ്ങളും ഭക്ഷണവും ഉണ്ടാക്കിക്കൊടുക്കാനുള്ള പാചക വിദ്യകൾ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിൽ. ഇത് കുഞ്ഞുങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കുമല്ലോ.

**മൂന്ന് പഴങ്ങൾ കൊണ്ടൊരു അടിപൊളി ജ്യൂസ് ഇതാ...**

# ത്രീ ഇൻ വൺ ജ്യൂസ്



### ആവശ്യമായ സാധനങ്ങൾ:

| | |
|---|---|
| പാഷൻ ഫ്രൂട്ട് പൾപ്പ് | : കാൽ കപ്പ് |
| ഓറഞ്ച് ജ്യൂസ് | : മുക്കാൽ കപ്പ് |
| ലൈം ജ്യൂസ് | : ഒരു ടീസ്പൂൺ |
| ഷുഗർ സിറപ്പ് | : ആവശ്യത്തിന് |

### തയ്യാറാക്കുന്ന വിധം:

- ആദ്യം പഞ്ചസാര ഉരുക്കി ഷുഗർ സിറപ്പ് ഉണ്ടാക്കണം.
- ശേഷം ചേരുവകളെല്ലാം കൂടി ഒരു ഗ്ലാസ്സിലേക്കിട്ട് നന്നായി ഇളക്കുക.
- ഐസ് ക്യൂബിട്ട് ഈ അടിപൊളി ജ്യൂസ് കുടിച്ചോളൂ.

RNI NO. KERMAL/2010/35475
Licensed to post without prepayment
Registered No: KL/CT/215/2020-22
KL/PMG/NR/WPP/66/KKD/2020-22
Mathrubhumi Minnaminni
27/05/2020 Kids' Weekly Price: ₹15

SCHOOL STUDENTS COLLECTIONS

ODYSSIA



My no
CS 311



My no
CL 3010



My no
CS 212



www.odyssiagroup.com

CLASSMATE SHOES
SANDALS & BACKPACKS